**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1705 05/12/2014-ൽ മറുപടിയ്ക്ക്

## കാർഷിക നയം

ചോദ്യം
ശ്രീ.എ.കെ.ശശീന്ദ്രൻ

മറുപടി
**ശ്രീ . കെ.പി.മോഹനൻ**
**(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)**

| ചോദ്യം | | മറുപടി |
|---|---|---|
| എ) നിയമസഭയിൽ 2014 ജൂലൈ മാസം എട്ടാം തീയതി കാർഷിക നയം അംഗീകരിച്ചതിന്റെ വെളിച്ചത്തിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; | എ) & ബി) | 2014 ജൂലൈ 8-ന് നിയമസഭയിൽ നിർദ്ദേശിച്ച തിരുത്തലുകൾ, കൂട്ടിച്ചേർക്കലുകൾ ഉൾപ്പെട്ട കാർഷിക നയത്തിന്റെ പൂർണ്ണ രൂപം അംഗീകാരത്തിനായി മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിരിക്കുകയാണ്. |
| ബി) ഉണ്ടെങ്കിൽ ഈ നയം നടപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | | |
| സി) കാർഷിക നയത്തെക്കുറിച്ച് കർഷകരേയും പൊതുജനങ്ങളേയും ബോധവത്ക്കരിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | സി) | പഞ്ചായത്ത് /ബ്ലോക്ക് തലത്തിൽ സെമിനാറുകൾ സംഘടിപ്പിച്ച് കാർഷിക നയം ചർച്ച ചെയ്യുന്നതിന് നടപടി സ്വീകരിക്കുവാൻ 11.09.2014-ന് ചേർന്ന നയ രൂപീകരണ സമിതിയുടെ യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്.<br>ഓരോ ജില്ലയിലും കൃഷി അനുബന്ധമേഖലകളിലെ 2-3 മാസ്റ്റർ ട്രേയ്നേഴ്സിനെ തിരഞ്ഞെടുത്ത് കാർഷിക നയവുമായി ബന്ധപ്പെട്ട് വിദഗ്ദ്ധ പരിശീലനം നൽകുന്നതിനും മാസ്റ്റർ ട്രേയ്നേഴ്സിനെ വിനിയോഗിച്ച് കാർഷിക നയത്തെക്കുറിച്ച് കർഷകരേയും, പൊതുജനങ്ങളെയും ബോധവത്കരിക്കാൻ നടപടി സ്വീകരിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**